**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**<u>പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിലുള്ള നിയമനം</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2436 — 07-10-2016 ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

| **ശ്രീ. അൻവർ സാദത്ത്** | | **ഡോ. കെ.ടി. ജലീൽ** (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സർക്കാർ ജീവനക്കാരെ ഇതര വകുപ്പുകളിൽ നിന്നും പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചു വന്നിരുന്നത് നിർത്തൽ ചെയ്ത് ഉത്തരവായിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | മേൽ വ്യവസ്ഥയിൽ പഞ്ചായത്തുകളിൽ ജീവനക്കാരെ നിയമിക്കുവാൻ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ? | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ച ആദ്യ വർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി നോൺ ഗസറ്റഡ് ജീവനക്കാരെ അനിവാര്യമായ സന്ദർഭങ്ങളിൽ പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ പദ്ധതിയുടെ ഫുൾടൈം-കോർഡിനേറ്റർമാരായി നിയോഗിക്കുന്നതിന് സംസ്ഥാന സർക്കാർ അനുവാദം നൽകിയിരുന്നു. എന്നാൽ ഭരണപരവും സാങ്കേതികവുമായ പിന്തുണാ സംവിധാനങ്ങൾ പഞ്ചായത്തുകളിൽ ഏർപ്പെടുത്തുകയും നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ, പദ്ധതി യുടെ ഭരണച്ചെലവിൽ ഉൾപ്പെടുത്തി, മനുഷ്യ വിഭവശേഷി പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തുകൾക്ക് അനുവാദം നൽകുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഫുൾടൈം-കോർഡിനേറ്റർമാരെ പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ നിയോഗിക്കേണ്ടതില്ലായെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ